## ഹദീസ്

സി.എസ് ഷാഹിൻ

# സ്വഭാവമാണ് പ്രധാനം

عَنْ أَبِي هُرَيْرَةَ رَضِي اللّٰه عَنْه عَنِ النَّبِيِّ صَلَّى اللّٰه عَلَيْهِ وَسَلَّم قَالَ : أَكْمَلُ الْمُؤْمِنِينَ إِيمَانًا أَحْسَنُهُمْ خُلُقًا (الترمذى).

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: വിശ്വാസികളിൽ ഈമാൻ ഏറ്റവും കൂടുതൽ പൂർത്തിയായവർ അവരിൽ ഏറ്റവും നല്ല സ്വഭാവമുള്ളവരാണ് (തിർമിദി).**

വ്യക്തികളുടെ ഈമാനും തഖ്‌വയും അളക്കാൻ പല മാനദണ്ഡങ്ങളും അളവുകോലുകളും നാം ഉപയോഗിക്കാറുണ്ട്. ഇവിടെയാണ് ഈ നബിവചനം പ്രസക്തമാകുന്നത്. വിശ്വാസികളിൽ ഏറ്റവും കൂടുതൽ ഈമാനുള്ളവർ കൂട്ടത്തിൽ ഏറ്റവും മികച്ച സ്വഭാവത്തിന്റെ ഉടമകളാണെന്ന് റസൂൽ (സ) പഠിപ്പിക്കുന്നു. അഥവാ ഈമാനിന്റെ പ്രകടമായ അടയാളമാണ് സൽസ്വഭാവം. നല്ല സ്വഭാവത്തിന്റെ അഭാവം ഈമാനിന്റെ വെളിച്ചത്തെ കെടുത്തിക്കളയും. അല്ലാഹുവിന്റെ അടുക്കൽ വിശ്വാസികളുടെ സ്ഥാനം നിർണയിക്കുന്നതിൽ സ്വഭാവം വഹിക്കുന്ന പങ്ക് ചെറുതല്ല. ഒരു നിവേദക സംഘം പ്രവാചകന്റെ അടുക്കൽ വന്ന് ചോദിച്ചു: ''അല്ലാഹുവിന്റെ ദൂതരേ, അല്ലാഹുവിന്റെ അടിമകളിൽ അവന് ഏറ്റവും പ്രിയപ്പെട്ടവർ ആരാണ്?'' നബി(സ) പറഞ്ഞു: ''അവരിൽ ഏറ്റവും നല്ല സ്വഭാവമുള്ളവർ.'' പരലോകത്ത് നന്മയുടെ തുലാസിൽ വെക്കപ്പെടുന്ന ഏറ്റവും കനമുള്ള സൽക്കർമം സൽസ്വഭാവമാണെന്നും റസൂൽ (സ) പറഞ്ഞിട്ടുണ്ട്. സ്വർഗം സ്വപ്നം കണ്ട് ജീവിക്കുന്ന സത്യവിശ്വാസികൾക്ക് തിരുമേനി നൽകുന്ന വാഗ്ദാനം നോക്കുക: ''നല്ല സ്വഭാവത്തിന്റെ ഉടമകൾക്ക് സ്വർഗത്തിന്റെ ഏറ്റവും ഉന്നതിയിൽ ഞാൻ ഒരു ഭവനം ഉറപ്പുനൽകുന്നു.''

സ്വഭാവം നിസ്സാര കാര്യമല്ല. സ്വർഗവും നരകവുമായി ബന്ധപ്പെട്ട ഗൗരവപ്പെട്ട വിഷയമാണ്. ഒരു ഉദാഹരണം പറയാം. പ്രവാചക സദസ്സിൽ ഒരു സ്ത്രീയെക്കുറിച്ച് പരാമർശിക്കപ്പെട്ടു. അവൾ രാത്രിനമസ്കാരവും സുന്നത്ത് നോമ്പുമടക്കമുള്ള ആരാധനാകർമങ്ങളിൽ വലിയ ശുഷ്കാന്തിയും സൂക്ഷ്മതയും പുലർത്തുന്നു. എന്നാൽ അയൽവാസിയോടുള്ള അവളുടെ പെരുമാറ്റം മോശമാണ്. ഇതു കേട്ടപ്പോൾ നബി (സ) പറഞ്ഞു: ''അവൾ നരകത്തിലാണ്.'' അഥവാ സ്വഭാവവും പെരുമാറ്റവും ദുഷിച്ചാൽ ചെയ്യുന്ന ആരാധനാകർമങ്ങൾ പോലും പ്രയോജനപ്പെടില്ല. ഈ പ്രവാചകാധ്യാപനങ്ങൾ മുൻനിർത്തി നമ്മുടെ സ്വഭാവം സൂക്ഷ്മമായ ആത്മപരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. ദൈനംദിന ജീവിതത്തിൽ നാം ഇടപഴകുന്ന ഓരോ വ്യക്തിയോടുമുള്ള നമ്മുടെ സ്വഭാവം എങ്ങനെയാണ്? നമ്മുടെ പെരുമാറ്റം ആർക്കെങ്കിലും പ്രയാസം സൃഷ്ടിക്കുന്നുണ്ടോ? നമ്മുടെ വാക്കുകൾ വല്ല മനസ്സിനെയും വേദനിപ്പിക്കുന്നുണ്ടോ?

നബി (സ) മനോഹരമായ സ്വഭാവത്തിന്റെ ഉടമയായിരുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: ''താങ്കൾ മഹത്തായ സ്വഭാവത്തിനുടമ തന്നെയാണ്'' (*അൽഖലം*: 4). റസൂലിനെ അദ്ദേഹത്തിന്റെ അനുയായികൾ സ്നേഹിച്ചതുപോലെ ചരിത്രത്തിൽ ഒരു നേതാവിനെയും അവരുടെ അനുയായികൾ സ്നേഹിച്ചിട്ടില്ല. എപ്പോഴും റസൂലിനു ചുറ്റും ആളുകൾ കൂടുമായിരുന്നു. അദ്ദേഹത്തോട് സംസാരിക്കാൻ അനുചരന്മാർ അങ്ങേയറ്റം ആഗ്രഹിച്ചിരുന്നു. തിരുമേനിയുടെ അടുത്തിരിക്കാൻ അവർ പരസ്പരം മത്സരിച്ചിരുന്നു. പ്രവാചകന്റെ സാമീപ്യം അവർ ഇത്രയധികം കൊതിക്കാൻ കാരണമെന്താണ്? ഉത്തരം വിശുദ്ധ ഖുർആൻ പറയുന്നു: ''അല്ലാഹുവിന്റെ കാരുണ്യം കാരണമാണ് നീ അവരോട് സൗമ്യനായത്. നീ പരുഷ പ്രകൃതനും കഠിനമനസ്കനുമായിരുന്നെങ്കിൽ നിന്റെ ചുറ്റുനിന്നും അവരൊക്കെയും പിരിഞ്ഞു പോകുമായിരുന്നു....'' (*ആലുഇംറാൻ*: 159).

അനസ് (റ) പത്തു വർഷം പ്രവാചകന്റെ വീട്ടിൽ പരിചാരകനായിരുന്നു. തിരുമേനിയോടൊപ്പമുള്ള പത്തു വർഷത്തെ അനുഭവം അദ്ദേഹം പങ്കുവെക്കുന്നതിങ്ങനെയാണ്: ''ഞാൻ പത്തുവർഷം റസൂലിന് (സ) സേവനം ചെയ്തിരുന്നു. അതിനിടയിൽ 'ഛെ' എന്ന് ഒരിക്കൽ പോലും അദ്ദേഹം എന്നോട് പറഞ്ഞിട്ടില്ല. ഞാൻ ചെയ്ത ഒരു കാര്യത്തെക്കുറിച്ച് നീ എന്തിനത് ചെയ്തു എന്നോ, ചെയ്യാത്തതിനെക്കുറിച്ച് എന്തുകൊണ്ട് ചെയ്തില്ല എന്നോ നബി(സ) എന്നോട് ചോദിച്ചിട്ടില്ല. ജനങ്ങളിൽ ഏറ്റവും നല്ല സ്വഭാവമുള്ള വ്യക്തിയായിരുന്നു അദ്ദേഹം.''

അഥവാ തന്റെ ഒരു വാക്കോ നോക്കോ പെരുമാറ്റമോ കാരണമായി ഒരാളുടെയും മനസ്സ് വേദനിക്കരുതെന്ന് റസൂൽ (സ) ഏറെ ആഗ്രഹിച്ചിരുന്നു. തന്നോട് അപമര്യാദയായി പെരുമാറുന്നവരോട് പോലും പുഞ്ചിരികൊണ്ടാണ് അദ്ദേഹം പ്രതികരിച്ചത്. ഒരാളോടും മുഖം കറുപ്പിക്കാൻ തിരുമേനിക്ക് കഴിയുമായിരുന്നില്ല. മറ്റുള്ളവരെക്കുറിച്ച് പരദൂഷണം പറയുന്നത് പ്രവാചകന് അറപ്പായിരുന്നു. വ്യക്തികളുടെ അഭിമാനം ക്ഷതപ്പെടുത്താൻ അദ്ദേഹം ഇഷ്ടപ്പെ

ട്ടിരുന്നില്ല.

കണ്ടുമുട്ടുന്ന ഓരോ വ്യക്തിയെയും പുഞ്ചിരിച്ചു കൊണ്ടാണ് നബി (സ) നേരിട്ടത്. അബ്ദുല്ലാഹിബ്നു ഹാരിസ് (റ) പറയുന്നു: ''പ്രവാചകനേക്കാൾ പുഞ്ചിരിക്കുന്ന ഒരാളെയും ഞാൻ കണ്ടിട്ടില്ല.'' ജരീറുബ്നു അബ്ദില്ല (റ) തന്റെ അനുഭവം പങ്കുവെക്കുന്നു: ''പുഞ്ചിരിച്ചു കൊണ്ടല്ലാതെ പ്രവാചകൻ എന്നെ അഭിമുഖീകരിച്ചിട്ടില്ല.'' നബി(സ) ഒരാൾക്ക് ഹസ്തദാനം ചെയ്താൽ അയാൾ കൈ പിൻവലിക്കുന്നതുവരെ അദ്ദേഹം തന്റെ കൈ തിരിച്ചെടുക്കുമായിരുന്നില്ല. അപരിഷ്കൃതരായ അറബ് ജനതയെ ചരിത്രത്തിൽ തുല്യതയില്ലാത്ത ഉത്തമ തലമുറയായി പ്രവാചകൻ (സ) പരിവർത്തിപ്പിച്ചിട്ടുണ്ടെങ്കിൽ, അതിൽ അദ്ദേഹത്തിന്റെ സ്വഭാവത്തിന് വലിയ പങ്കുണ്ട്. പുഞ്ചിരി കൊണ്ട് പുതിയൊരു ലോകം പണിത പ്രവാചകനെയാണ് ചരിത്രത്തിൽ നാം കാണുന്നത്.

റസൂലിനെ പിൻപറ്റി ഉത്തമ സ്വഭാവത്തിന്റെ ഉടമകളാവുക എന്നതാണ് മുസ്‌ലിംകളുടെ പ്രഥമ ബാധ്യത. സ്വഭാവം നിരന്തരം ശുദ്ധീകരിച്ചുകൊണ്ടിരിക്കണം. ഒരാളെക്കുറിച്ചും ഒരു സന്ദർഭത്തിലും പരദൂഷണം പറയില്ല എന്നത് ജീവിതത്തിലെ പ്രതിജ്ഞയാവണം. നമ്മെ കുറിച്ച് ഒരാൾ പരദൂഷണം പറഞ്ഞു എന്നറിഞ്ഞാൽ നമ്മുടെ മനസ്സ് എത്രമാത്രം നോവും. അതുപോലെ വേദനിക്കുന്ന മനസ്സ് മറ്റുള്ളവർക്കുമുണ്ട് എന്ന ബോധ്യം എപ്പോഴും ഉണ്ടാകേണ്ടതുണ്ട്. പ്രവാചക ജീവിതത്തിന്റെ കൊച്ചു പതിപ്പായി നാം നമ്മുടെ നാട്ടിലും വീട്ടിലും തൊഴിലിടങ്ങളിലും കാമ്പസുകളിലും സജീവമാകണം. നമ്മുടെ നല്ല പെരുമാറ്റവും ഉത്തമസ്വഭാവവും കാരണമായി ഇസ്‌ലാമിന്റെ സുഗന്ധം ചുറ്റുമുള്ളവർക്ക് ആസ്വദിക്കാൻ കഴിയണം. ഈ രൂപത്തിൽ വ്യക്തിത്വം ഉത്കൃഷ്ടമാകുമ്പോൾ ജനങ്ങൾ നമ്മുടെ സാന്നിധ്യം ആഗ്രഹിക്കും. നാം നാട്ടിലുണ്ടാകണമെന്ന് അവർ താൽപര്യപ്പെടും. അതാണല്ലോ അബൂബക്റി(റ)ന്റെ ജീവിതത്തിൽ നാം കണ്ടത്. മക്ക വിട്ട് അബ്സീനിയയിലേക്ക് ഹിജ്റ പോകാൻ പുറപ്പെട്ട അബൂബക്റി(റ)നെ തടഞ്ഞുനിർത്തി, അമുസ്‌ലിമായ ഇബ്നു ദുഗ്ന പറഞ്ഞു: ''താങ്കളെപോലുള്ളവർ ഈ നാട്ടിൽനിന്നും പുറത്തുപോകാൻ പാടില്ല.''

സ്വഭാവമാണ് ജീവിതം. സ്വഭാവം മനോഹരമായാൽ ജീവിതം മനോഹരമായി. സ്വഭാവം വികൃതമായാൽ ജീവിതം വികൃതമായി. മറ്റൊന്നുകൊണ്ടും അത് പരിഹരിക്കപ്പെടുകയില്ല. ഒരു വ്യക്തിയുടെ സാന്നിധ്യം ആളുകൾ വെറുക്കുന്നുവെങ്കിൽ അയാളുടെ ജീവിതം പരാജയമാണ്.

ഉത്തമസ്വഭാവംകൊണ്ട് ജീവിതത്തെ അലങ്കരിക്കാൻ വിശ്വാസിക്ക് സാധിക്കേണ്ടതുണ്ട്. മറ്റുള്ളവർ തന്നോട് എങ്ങനെ പെരുമാറണമെന്നാണോ ആഗ്രഹിക്കുന്നത് അതുപോലെ അവരോടും പെരുമാറണം. പുഞ്ചിരി മായാത്ത മുഖം ജീവിതത്തിൽ ശീലമാക്കണം. ആത്മാർഥമായ പുഞ്ചിരി മനസ്സുകൾക്ക് സമാധാനവും സന്തോഷവും പകർന്നുനൽകുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടാണ് നബി(സ) പറഞ്ഞത്: ''നിന്റെ സഹോദരന്റെ മുഖത്തു നോക്കി പുഞ്ചിരിക്കുന്നത് സ്വദഖയാണ്.'' ●